## പച്ചയും കത്തിയും

പഥികനെന്നപോലെ പഥികൃത്തുമായിരുന്നു ശ്രീ.എൻ.വി. കൃഷ്ണവാര്യർ. ഈ വർഷത്തെ എൻ.വി. അനുസ്മരണം നവോത്ഥാനചിന്തകൾക്കായി മാറ്റിവെച്ചത് എന്തുകൊണ്ടും ഉചിതമായി. നവോത്ഥാനത്തിൽ ചതിക്കുഴികൾ എന്ന ശീർഷകം പ്രഥമ ശ്രവണത്തിൽ ചിന്താക്കുഴപ്പമുണ്ടാക്കുന്നതാണ്. നവോത്ഥാനം ആധുനിക കേരളത്തെ സൃഷ്ടിച്ച ഏറ്റവും വലിയ സർഗ്ഗാത്മപ്രക്രിയയായിരുന്നു. അതിന്റെ വഴികളിൽ വളവുകളും തിരിവുകളും ചിലപ്പോൾ കുഴികൾതന്നെയും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് നവോത്ഥാനത്തിന്റെ ശക്തിയും ദൗർബല്യവും ചർച്ചയ്ക്ക് വിഷയമാക്കേണ്ടതുണ്ട്. ഈ പ്രബന്ധം മൂന്ന് ഖണ്ഡങ്ങളിലാണ് ആ ചർച്ചയ്ക്ക് തുനിയുന്നത്. പശ്ചാത്തലമാണദ്യത്തേത്; കേരളീയ നവോത്ഥാനത്തിന്റെ സവിശേഷതകൾ രണ്ടാം ഖണ്ഡത്തിൽ; അവസാനഖണ്ഡം നവോത്ഥാനാനന്തര കാലഘട്ടത്തെ വിശകലനം ചെയ്യുന്നു.

### 1 പശ്ചാത്തലം

മത്സ്യാന്യായം എന്ന് സംസ്കൃതത്തിൽ പറയുന്ന മീൻമുറയാണ് എന്ന ചരിത്രത്തിന്റെ ഗതിനിർണ്ണയിച്ചിട്ടുള്ളത്. തനിക്ക് താണത് തന്റെ ഇര എന്നാണ് ഇതിന്റെ നീതി ശാസ്ത്രം. കയ്യൂക്കുള്ളവൻ കാര്യക്കാരനാകുന്നത് അങ്ങനെയാണ്. മണ്ണിനും പെണ്ണിനും വേണ്ടിയുള്ള ദൂരയാണ് കൈയ്യൂക്ക് കാണിക്കാൻ പുരുഷനെ പ്രേരിപ്പിച്ചത്. ഇതിന്റെ ഫലമായിരുന്നു എണ്ണമറ്റ യുദ്ധങ്ങളും ദുരന്തങ്ങളും ശന്തനുവെന്ന രാജാവിന് ഒരു കടത്തുകാരിപ്പെണ്ണിൽ കാമമുണർന്നപ്പോഴാണ് സ്വന്തം മകനെപ്പോലും മറന്ന് അവളെ വേട്ടത്. മറിച്ചായിരുന്നെങ്കിൽ ചരിത്രം മറ്റൊന്നായേനെ; കുരുക്ഷേത്രയുദ്ധം തന്നെ ഉണ്ടാകുമായിരുന്നില്ല.

രാജാസദസ്സിൽ വെച്ച് ദുര്യോധനൻ കുന്തിയെ ഉത്തരം മുട്ടിട്ടത് ഒരു ചോദ്യം കൊണ്ടായിരുന്നു-പാണ്ഡുവിന്റെ രാജ്യത്തിന്റെ പിന്തുടർച്ച കുന്തിയുടെ മക്കൾക്ക് കിട്ടുന്നതെങ്ങിനെ? പുതിയൊരു അർത്ഥശാസ്ത്രമായിരുന്നു ഇത്. വ്യാസനെ അംബികക്കും അംബാലികക്കും ഇത്തരമൊരു ചോദ്യത്തിനുത്തരം പറയേണ്ടിവന്നിട്ടില്ല. അമ്മവഴിക്ക് വംശവൃദ്ധിയെന്ന് എല്ലാവരുമാണ് സമ്മതിച്ചിരുന്നു. ദുര്യോധനൻ പുതിയൊരു ദായക്രമം കൊണ്ടുവരുന്നു. സ്ത്രീ ക്ഷേത്രമാണ്, വയൽ. വിളവിനുടമ ആർ- വിത്ത് വിതയ്ക്കുന്നവനോ വയലോ? വിതയ്ക്കുന്നവൻ വിളവെടുക്കും. ഇണയായിരുന്ന സ്ത്രീയും തനിക്ക് താണവളായി. സമ്പത്തും ആധിപത്യവും പുരുഷനിൽ കുന്നുകൂടി. കൊള്ളചെയ്തും കൊന്നുമാണവൻ സമ്പത്ത് വാരിക്കൂട്ടിയത്. വാരിക്കൂട്ടുന്നതിലും വിഷമകരമാണ് നിലനിർത്തുന്നത്. അമ്പുകൊണ്ടും വില്ലുകൊണ്ടും ശരീരത്തെയെ കീഴടക്കാൻ ഒക്കൂ. മനസ്സിനെ കീഴടക്കിയില്ലെങ്കിൽ വാരിക്കൂട്ടിയ ഈ സമ്പത്ത് തനിക്ക് നിലനിർത്താൻ കഴിയില്ലെന്ന് അഴന് മനസ്സിലായി. ആശയങ്ങളാണ് മനസ്സിനെ കീഴടക്കാൻ വേണ്ടത്. അതിന് പുരോഗതിയെ കൂട്ടുപിടിച്ചു. അവർ ശാപത്തിന്റെയും അനുഗ്രഹത്തിന്റെയും കഥകളുണ്ടാക്കി. ബഹുഭൂരിപക്ഷത്തെ അടിമകളാക്കി നിലനിർത്തി. അധികാരവും പൗഹോഹിത്യവും തമ്മിലുള്ള ഈ കൂടുകെട്ട് ഇരുവർക്കും പ്രയോജനകരമായിരുന്നു. അന്ധനും മുടന്തനും കൂട്ട് ചേരുന്നപോലെ. അന്ധന് കാണാൻ വയ്യ; മുടന്തന് നടക്കാനും. അന്ധൻ കഴുത്തിൽ മുടന്തനെ ഇരുത്തിയാൽ ഇരുവർക്കും മുന്നോട്ട് പോകാം. പങ്കന്ധന്യായം എന്ന് സംസ്കൃതത്തിൽ. രാജാവിന് സമ്പത്ത് രക്ഷിക്കാൻ പുരോഹിതൻ കെട്ടുകഥകൾ ഉണ്ടാക്കി സമൂഹമനസ്സിനെ മരവിപ്പിച്ചു. പകരം രാജാവ് സമ്പത്തും പദവിയും പുരോഹിതന് നല്കി. കായികമായി സൈന്യവും മാനസികമായി ആശയങ്ങളും സമൂഹത്തെ അടിമയാക്കി. ഈ ആന്ധ്യത്തിന് മുകളിലാണ് ഛത്രചാമരങ്ങൾ ഉയർന്നുപൊങ്ങിയത്.

പുരോഹിതനും രാജാവും കൈയടക്കിവെച്ചിരുന്ന വിജ്ഞാനത്തിന്റെ നിഗ്രഹത തകർത്തത് അച്ചടിവിദ്യയാണ്. ജ്ഞാനോദയത്തിന്റെ കാഹളം മുഴക്കിയത് ഗുട്ടൻ ബർഗാണ്. പിന്നീട് പലരുമതാവർത്തിച്ചു. ഫ്രഞ്ചുവിപ്ലവം സമത്വത്തിന്റെ സന്ദേശം മുഴക്കി. ഏറെക്കാലമായി കല്ലിച്ചുറച്ചപോലെ ഭാരതീയധിഷണയെ കാൽതൊട്ടുണർത്തിയത് പാശ്ചാത്യവിദ്യാഭ്യാസമാണ്. ഭാരതിലെ നവോത്ഥാനം അതിന്റെ സംഭാവനയാണ്. വിദേശവിദ്യാഭ്യാസവും നവീനാശയങ്ങളുമായി ഇടപഴകാനവസരം വന്നവരിലാണ് ആദ്യമിത് പ്രവർത്തിച്ചത്. അങ്ങനെയാണ് രാജാറാം മോഹൻ റോയ് ഭാരതീയ നവോത്ഥാനത്തിന്റെ പ്രതീകമായത്.

നീ എനിക്ക് ഭാഷതന്നു, അതുകൊണ്ട് ഞാൻ നിന്നെ ശപിക്കുന്നു എന്ന് ടെംപസ്റ്റിലെ കാലബാൻ പ്രോസ്പറോയോട് പറയുന്നുണ്ട്. പാശ്ചാത്യമേല്ക്കോയ്മക്കെതിരെ പ്രവർത്തിക്കാനുള്ള പ്രബുദ്ധത ഭാരതീയന് നൽകിയത് പാശ്ചാത്യർ തന്നെയാണ്. ജ്ഞാനോദയത്തിന്റെ ഫലമായിരുന്നു ദേശീയബോധവും തുടർന്നുള്ള സ്വാതന്ത്ര്യസമരങ്ങളും.

## 2 കേരളീയ നവോത്ഥാനം

ഭാരതത്തിലെ ഇതരദേശങ്ങളിലെന്നപോലെ കേരളത്തിലും സമൂഹക്രമത്തെ നിയന്ത്രിച്ചിരുന്നത് ചാതുർവർണ്യ വ്യവസ്ഥയാണ്. അറിവിന് ബ്രാഹ്മണർ, അധികാരത്തിന് ക്ഷത്രിയർ, വാണിജ്യത്തിന് വൈശ്യർ, ദാസ്യത്തിന് ശൂദ്രർ. 80%ത്തോളംവരുന്ന പഞ്ചമർ ബഹുഭൂരിപക്ഷം വേലിക്ക് പുറത്താണ്; അവരെ മനുഷ്യരായി ഗണിച്ചിരുന്നില്ല. എന്നാൽ കേരളത്തിലെ വർണ്ണവ്യവസ്ഥയ്ക്ക് മൂന്ന് സവിശേഷതകളുണ്ടായിരുന്നു.

1. കേരളത്തിലെ ബ്രഹ്മണർ അധികം പേരും ഭൂവുടമകളായിരുന്നു. ഭൂമിക്ക് കൈമാറ്റം വരാതെ സമ്പത്ത് സംരക്ഷിക്കാൻ വിചിത്രമായ ഒരു വിവാഹസമ്പ്രദായം അവർ കണ്ടു പിടിച്ചു. മരുമകന് മാത്രം സ്വജാതിവിവാഹസമ്പ്രദായം-വേളി; മറ്റുള്ളവർക്ക് സംബന്ധം. ഇതുമൂലം നായന്മാർക്കും അമ്പലവാസികൾക്കും നമ്പൂതിരിമാരുമായി പ്രത്യേകമായ അടുപ്പമുണ്ടാകുകയും ബ്രാഹ്മണരുടെ വൈദുഷ്യം ഈ വിഭാഗങ്ങളിലേക്കും പകരുകയും ചെയ്തു. ബ്രാഹ്മണരേക്കാളധികം പണ്ഡിതന്മാർ അമ്പലവാസി ശുദ്രവിഭാഗങ്ങളിലാണ് കേരളത്തിലുണ്ടായിത്. ഇതിന്റെ ആത്യധികഫലം പ്രത്യേകവിഭാഗമായി വേർതിരിഞ്ഞു നല്ക്കാതെ നമ്പൂതിരിമാർ കേരളീയ സമൂഹത്തിൽ അലിഞ്ഞുചേർന്നു. അതുകൊണ്ട്, തമിഴ്നാട്ടിലും മറ്റുമുണ്ടായതുപോലെ, ബ്രാഹ്മണവിരുദ്ധമനോഭാവം കേരളക്കിലുണ്ടായില്ല.

2 വർണ്ണ ശ്രേണിയിൽ മൂന്നാമത്തേതായ വൈശ്യർ കേരളത്തിൽ ഇല്ലായിരുന്നു. ആദ്യകാലം മുതലെ വിദേശരാജ്യങ്ങളുമായി കേരളത്തിന് വാണിജ്യബന്ധം ഉണ്ടായിരുന്നതിനാൽ വൈശ്യരുടെ ചുമതല നിർവഹിച്ചത് അവരായിരുന്നു. ആദ്യകാലത്ത് ജൂതന്മാരും അറബികളുമാണ് വ്യാപാരാവശ്യങ്ങൾ നിർവഹിച്ചത്. പിൽക്കാലത്ത് ക്രിസ്ത്യാനികളും വിഭിന്നമതവിഭാഗങ്ങളുമായി ഇണങ്ങിപ്പോകുന്നൊരുമനസ്സ് കേരളീയ സമൂഹം കൈവരിച്ചു. സർവമതസമഭാവന കേരളത്തിന്റെ സവിശേഷസംസ്കാരമായി മാറിയതങ്ങനെയാണ്.

3. ഭൂരിഭാഗം ജനങ്ങളും ജാതിശ്രണിക്ക് പുറത്തുള്ള ചാണ്ഡാളന്മാരാണ്. ബ്രാഹ്മണാധിപത്യത്തിന് മുൻപ് കേരളത്തിൽ ശക്തമായിരുന്ന ബൗദ്ധജൈനസ്വാധീനങ്ങളാൽ പ്രബുദ്ധതനേടിയവരായിരുന്നു ഇവർ. മറ്റിടങ്ങളിലെപ്പോലെ പാമരന്മാരായിരുന്നില്ല ഇവിടുത്തെ പഞ്ചവന്മാർ എന്നർത്ഥം. പള്ളിക്കൂടമെന്നത് ബൗദ്ധസംഭാവനയാണ്. ബൗദ്ധവിഹാരമാണ് പള്ളി. പള്ളിയോടുചേർന്ന വിദ്യാസ്ഥാനമാണ് പള്ളിക്കൂടം. ആശാൻ പള്ളിക്കൂടങ്ങൾ ഈ പാരമ്പര്യത്തിന്റെ അവശിഷ്ടങ്ങളാണ്. അഷ്ടാംഗഹൃദയം ബൗദ്ധകൃതിയാണ്. ആയുർവേദത്തിന്റെ ശക്തമായ പാരമ്പര്യം നിലനിർത്തിയത് ഈഴവരാണ്. ചേർത്തലയിലെ ഇട്ടിഅച്ചനാണ് ഡച്ച് ഗവർണർക്ക് ഔഷധസസ്യങ്ങളുടെ വിവരണം നല്കിയത്. പ്രബുദ്ധമായൊരു പഞ്ചമസമൂഹം കേരളത്തിന്റെ സവിശേഷതയാണ്.

സവിശേഷമായ ഈ സമൂഹഘടന കേരളത്തിലെ നവോത്ഥാനപ്രവർത്തനങ്ങളെ അനല്പമായി സ്വാധീനിച്ചിട്ടുണ്ട്. അരുവിപ്പുറം പ്രതിഷ്ഠ നല്ലൊരു തുടക്കമായിരുന്നു. ചാതുർവണ്യത്തിന്റേതല്ലാത്തൊതെ വഴി അതു തുറന്നിട്ടു. അയ്യങ്കാളിയും ചട്ടമ്പിസ്വാമിയും പണ്ഡിറ്റ് കറുപ്പനുമൊക്കെ ആവഴിക്ക് നടന്നവരാണ്. 1924-ലെ വൈക്കം സത്യാഗ്രഹം കീഴ്ജാതിക്കാരുടെ മുൻകൈയിലാണ് നടന്നതെങ്കിലും മേല്ജാതിക്കാരുടെ പിന്തുണനേടാൻ അതിന് കഴിഞ്ഞു. 1930-ലെ ഗുരുവായൂർ സത്യാഗ്രഹമാകുമ്പോഴേക്കും കീഴ്ജാതിക്കാരുടെ പ്രശ്നങ്ങൾ സമൂഹത്തിന്റെ മൊത്തം പ്രശ്നമായി മാറിക്കഴിഞ്ഞിരുന്നു. പി.എസ്. വാരിയർ വിശ്വംഭരക്ഷേത്രത്തിൽ സർവക്കും പ്രവേശനം അനുവദിച്ചതിൽ ഇതിന്റെ സ്വാധീനം കാണാം. ക്ഷേത്രപ്രവേശനവിളംബരം ഈ പ്രക്രിയയുടെ സ്വാഭാവികമായ പരിണതിയാണ്.

കേരളീയ നവോത്ഥാനത്തിന്റെ ഏറ്റവും വലിയ സവിശേഷത ഇതാണ്-സമൂഹത്തിന്റെ താഴെക്കിടയിൽ നിന്നാരംഭിച്ച് എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന മഹത്തായൊരു ഉദ്ഗ്രഥന പ്രക്രിയയായിരുന്നു. കേരളീയനവോത്ഥാനം, മറുനാടുകളിൽ ഇതിങ്ങനെ ആയിരുന്നില്ല. മേലേക്കിടയിടയിലുള്ള വിദ്യാസമ്പന്നരായ ചിലരുടെ നവീകരണശ്രമങ്ങളായിരുന്നു അവ. ഉപരിതലത്തിൽ ചില അലയും കുമിഖലുമുണ്ടാക്കി അവിടെ് തന്നെ അതസ്തമിച്ച് പോയി. സമൂഹത്തിന്റെ കീഴെയുള്ള അടരുകളിലേക്ക് അവകടന്നു ചെന്നില്ല.

ഗ്ലാസ്സിൽ പകർന്നു വെച്ചിരിക്കുന്ന ജ്യൂസ് അല്പാല്പം മൊത്തിക്കുടിക്കുന്നതുപോയാണിത്. അനക്കം അടിയിലേക്കെത്തുകയില്ല. ഒരു സ്ട്രാകൊണ്ട് കുടിക്കുമ്പോൾ അനുഭവം വേറെയാണ്. ഗ്ലാസ്സിന്റെ അടിയിൽ ചല

നമുണ്ടായി ജ്യൂസ് ആകെ ഇളകി മറയുന്നു. മൊത്തമായൊരു ഇളക്കമുണ്ടാക്കാൻ സ്ട്രായ്ക്ക് സാധിക്കുന്നു. കേരളത്തിലെ നവോത്ഥാനമുണ്ടാക്കിയ ചലനങ്ങൾ ഇത്തരത്തിലുള്ളതായിരുന്നു. സമൂഹത്തെയാതെ അത് ഇളക്കിമറിച്ചു. സമൂഹഘടന തന്നെ തകർത്തു. പുതിയതൊന്ന് രൂപപ്പെട്ടു. അതിന്റെ കേന്ദ്രം മാനവികതയായിരുന്നു. നമ്പൂതിരിയെ മനുഷ്യനാക്കാനുള്ള ഓങ്ങല്ലൂർ പ്രസംഗത്തിന്റെ പ്രാധാന്യമിതാണ്.

കേരളീയ നവോത്ഥാനത്തിന്റെ മറ്റൊരു സവിശേഷത അയിത്തം പോലുള്ള അനാചാരങ്ങളുടെ വിവേചനത്തിൽ മാത്രം അതൊതുങ്ങിയില്ല എന്നതാണ്. സമൂഹത്തിന്റെ എല്ലാതലങ്ങളിലേക്കും അത് വ്യാപിച്ചു. സാമൂഹ്യം, സാമ്പത്തികം, രാഷ്ട്രീയം എന്നീ വിവിധ മേഖലകളിൽ ദൂരവ്യാപകമായ മാറ്റമുണ്ടാക്കാൻ കേരളീയ നവോത്ഥാനത്തിന് സാധിച്ചു.

വി.ടി.യുടെ അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക് എന്ന് നാടകത്തിൽ അയ്യങ്കാരുടെ ഒരു ചോദ്യമുണ്ട്. വയസ്സൻ നമ്പൂതിരിയുമായി താത്രിക്കുട്ടിയുടെ വേളി നിശ്ചയിച്ചുവെന്ന കമ്പികിട്ടി ഇതികർത്തവ്യതാമൂഢനായി നിൽക്കുന്ന മാധവനോടാണ് നിഷ്കളങ്കമായ ചോദ്യം-കുട്ടിയുടെ സമ്മതം ചോദിച്ചിട്ടാണോ വേളി ഉറപ്പിച്ചത്? മാധവന്റെ മറുപടിയിൽ ആ കാലഘട്ടത്തിന്റെ നെടുവീർപ്പും നിസ്സഹായതയും മുഴങ്ങുന്നു-പലഹാരത്തോട് ചോദിച്ചിട്ടാണോ പലഹാരം തിന്നുന്നത്? 95% ജനങ്ങളും പലഹാരങ്ങളും 5% വരുന്നവർ തിന്നുന്നവരുമാകുന്നകാലത്ത് പാലപ്പെട്ടവർ നിസ്സഹായരാണ്. പരഹാരങ്ങൾക്ക് നാവുണ്ടായി, തങ്ങളെ തിന്നാൻ തങ്ങൾ കൂടി അനുവദിക്കണമെന്നവർ പറയാൻ തുടങ്ങി-സ്ത്രീകൾ, തൊഴിലാളികൾ, വിദ്യാർഥികൾ എല്ലാവർക്കും നാവുണ്ടായി, ഇവർക്കൊക്കെ സമൂഹത്തിൽ സ്വന്തം ഇടം കിട്ടിയപ്പോഴാണ് നാവുയർത്താൻ ധൈര്യമുണ്ടായത്. തനിക്ക് സ്വന്തമായി ഒരിടം-തന്റെ ഇടം, തന്റേടം. ഈ തന്റേടമാണ് നവോത്ഥാനം നൽകിയ ഏറ്റവും വലിയ സംഭാവന. ഇത് നല്കിയത് രാഷ്ട്രീയതലത്തിലായിരുന്നു. പാട്ടബാക്കിയും നമ്മളൊന്നും മുത്തശ്ശിയുമൊക്കെ തന്റേടമുണ്ടായതിന്റെ കഥകളാണ് പറയുന്നത്.

1887-ലെ അരുവിപ്പുറം പ്രതിഷ്ഠ മുതൽ 1956-ൽ ഐക്യകേരളം രൂപപ്പെടുന്നതുവരെയുള്ള മൂന്നു ദശകങ്ങളെ കേരളത്തിലെ നവോത്ഥാനദശയായി കണക്കാക്കാം. നിലവിലുള്ള ഘടനയെ തക്ത്തുകൊണ്ടാണ് അതാരംഭിച്ചത്. അരുണോദയത്തിന്റെ പ്രതീക്ഷയിലാണ് ശുഭാപ്തിയിലെത്തിയത്.

ഈ ഏഴുദശകങ്ങളുടെ സവിശേഷതകളെ ഇങ്ങനെ സംഗ്രഹിക്കാം-

1. ഈഴവശിവൻ വിഗ്രഹഭഞ്ജനത്തിന്റെ പ്രതീകമാണ്. വേറിട്ടൊരു വഴിയാണത്.

2. ഇതരദേശങ്ങളിലെന്നപ്പോലെ മുകൾപ്പരപ്പിലായിരുന്നില്ല കേരളത്തിലെ നവോത്ഥാനപ്രവർത്തനങ്ങൾ. താഴെക്കിടയിൽ നിന്ന് മേല്പ്പരപ്പിലേക്ക് കയറി സമൂഹത്തെ ആകെ ഇളക്കിമറിച്ച ഒരു പ്രക്രിയയാണത്. ഭരണവർഗ്ഗവും മതജാതിശക്തികൾ തമ്മിലുള്ള അവിശുദ്ധബന്ധത്തിലൂന്നിയ സമൂഹഘടനയെ തകർത്ത് മനുഷ്യകേന്ദ്രിതമായ പുതിയ ഒരു സമൂഹത്തിന്റെ സൃഷ്ടിയ്ക്ക് നവോത്ഥാനം അവസരമൊരുക്കി.

3. കേവലസാമൂഹ്യപ്രവർത്തനത്തിലൊതുങ്ങാതെ സാമ്പത്തികവും രാഷ്ട്രീയവുമായ മേഖലകളിലേക്ക് നവോത്ഥാനം വ്യാപിച്ചു.

4. സമൂഹത്തെ തുടച്ചുമുനുക്കുന്ന പുനരുത്ഥാനമായിരുന്നില്ല കേരളത്തിലെ ജ്ഞാനോദയ പ്രവർത്തനങ്ങൾ; മറിച്ച് നിലവിലുള്ളതിനെ അടിച്ച് ഉടച്ച് പുതിയ ഒന്നിനെ സൃഷ്ടിക്കുന്ന പ്രക്രിയ ആയിരുന്നു അത്.

അപ്പുണ്ണിക്ക് അമ്മാവനാഗ്രഹിച്ചതുപോലെ 500 രൂപ കൊടുത്ത് കടം വീട്ടി നാലുകെട്ട് വീണ്ടെടുക്കാമായിരുന്നു. എന്നിട്ട് കേടുപാടുകൾ തീർത്ത് ചായം മിനുക്കി പഴമയുടെ പ്രൗഢിയായി അതിനെ നിലനിർത്താമായിരുന്നു. എന്നാൽ സംഭവിച്ചതതല്ല. പ്രേതങ്ങൾ കുടിയിരിക്കുന്ന പഴയനാലുകെട്ട് പൊളിച്ച് കാറ്റും വെളിച്ചവും കടക്കുന്ന ചെറിയ ഒരു വീട് പണിയണം. അവിടെ കടക്കാൻ അമ്മയെ ആരും തടയില്ല. പട്ടിയെപ്പോലെ തന്നെ ചവിട്ടിപ്പുറത്താക്കുകയുമില്ല. നവോത്ഥാനം കേരളത്തെ പുനഃസൃഷ്ടിച്ചതിനെയാണ്; ഇത് വലിയമ്മാമൻ ആഗ്രഹിച്ച പുനരുത്ഥാനത്തിൽ നിന്ന് വ്യത്യസ്തമാണ്.

**3.**

മലയാളിയുടെ ചിരകാലസ്വപ്നത്തിന്റെ സാക്ഷാത്കാരമായിരുന്നു 1956-ലെ ഐക്യകേരളം. അതുപോലെ തന്നെ നവോത്ഥാന സങ്കല്പങ്ങളുടെ സാക്ഷാത്കാരമായിരുന്നു സംസ്ഥാനത്തെ ആദ്യത്തെ സർക്കാർ. ഭൂവുടമബന്ധമാണ് ആ സർക്കാർ ആദ്യമായി മാറ്റി മറിച്ചച്. പരശുരാമൻ കടലിൽ നിന്ന് വീണ്ടെടുത്ത് ബ്രാഹ്മണർക്ക് ദാനം ചെയ്തതാണ് കേരളം എന്നാണ് പരമ്പരാഗതമായി പ്രചരിപ്പിച്ചിരുന്നത്. ഇത് വിശ്വസിച്ചാണ് വിളവെടുപ്പ് തീർന്നാലുടൻ കളത്തിൽ നിന്ന് തന്നെ പാട്ടവുമായി കർഷകർ ജന്മിഗൃഹത്തിലേക്ക് പുറപ്പെട്ടിരുന്നത്. പരശുരാമൻ ജന്മിക്ക് നല്കിയ പട്ടയം വ്യാജമാണെന്നാണ് കാർഷികബന്ധബില്ല് പ്രഖ്യാപിച്ചത്. നൂറ്റാണ്ടുകളായി നിലനിന്ന സമൂഹഘടന അതോടെ തകർന്നടിഞ്ഞു. ജന്മിമാരുടെയും ഇടപ്രഭുക്കന്മാരുടെയും ആജ്ഞാനുവർത്തിയായിരുന്നു പോലീസ് സേന. പരശുരാമകഥകൾ സൃഷ്ടിച്ച മാനസികദാസ്യം ആശയപരമായി കീഴടക്കി; ഭരണയന്ത്രത്തിന്റെ മർദ്ദകശക്തിയായ പോലീസ് കായികമായും സാധാരണക്കാരെ അടിമകളാക്കി. ഈ രണ്ടുതരം ദാസ്യത്തിൽ നിന്നും സമൂഹത്തിന് മോചനം ലഭിച്ചതായിരുന്നു കീഴാളരുടെ നേട്ടം. അതോടൊപ്പം വിദ്യാഭ്യാസരംഗത്തും മാറ്റമുണ്ടായി. അടിമകളെപ്പോലെ മാനേജരുടെ മുൻപിൽ ഓച്ഛാനിച്ചു നില്ക്കാൻ വിധിക്കപ്പെട്ട അധ്യാപകർ സ്വതന്ത്രരായി. നവോത്ഥാനാശയങ്ങൾ ഉഴുതുമറിച്ച് പാകമായ മണ്ണിൽ വിമോചനത്തിന്റെ വിത്തുകൾ നൂറുമേനി വിളഞ്ഞു.

അധികാരം നഷ്ടപ്പെട്ടവർ രംഗത്തിറങ്ങാൻ താമസമുണ്ടായില്ല. കീഴാളരുടെ മോചനത്തിൽ തമ്പ്രാക്കൾക്കുള്ള അസഹിഷ്ണുതയായിരുന്നു വിമോചനസമരത്തിന്റെ മുഖ്യഹേതു. തമ്പ്രാനെന്ന് വിളിപ്പിക്കും, പാളേക്കഞ്ഞി കുടിപ്പിക്കും എന്നതായിരുന്നു തുടക്കത്തിലെ തന്നെയുള്ള മുദ്രാവാക്യം. ഇതൊരു മനോഭാവത്തിന്റെ പ്രകടനമായിരുന്നു. 28 മാസം പൂർത്തിയാക്കും മുൻപേ ആ സർക്കാർ സ്ഥാനഭ്രഷ്ടമായി. വിമോചനസമരം നല്കുന്ന പാഠങ്ങൾ ഇവയാണ്:

1. നവോത്ഥാനകാലത്ത് തിരസ്കൃതമായ ജാതിമത ശക്തികൾക്ക് പുനർജനി ഉണ്ടായി.
2. പൗരോഹിത്യവും ഭരണയന്ത്രവും തമ്മിൽ ദുർബലമായിപ്പോയ അന്ധ-മുടന്ത കൂട്ടായ്മ കൂടുതൽ ശക്തിയോടെ പുനഃസ്ഥാപിക്കപ്പെട്ടു.
3. ജനാധിപത്യസംവിധാനത്തിൽ ജനങ്ങളുടെ ഇച്ഛ അട്ടിമറിക്കപ്പെടുന്നതെങ്ങനെയെന്നതിന്റെ ഉത്തമനിദർശനമായി ഇത് മാറി. വിമോചനസമരത്തിന് ശേഷം നടന്ന തിരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ വോട്ട് 5% വർദ്ധിക്കുകയാണുണ്ടായത്. എന്നിട്ടും ഭരണം നഷ്ടപ്പെട്ടു.

കേരളം ഒരു പരീക്ഷണശാലയായി മാറുകയായിരുന്നു. നാക്കിലപോലുള്ള ഈ കൊച്ചുനാട് അമേരിക്കൻ സാമ്രാജ്യത്തിന്റെ കണ്ണിൽ കരടായി മാറിയത് ഇതോടെയാണ്. അന്നുമുതലാണ് വിദേശത്ത് നിന്ന് പണം പല വഴികളിലൂടെ കേരളത്തിലേക്ക് ഒഴുകാൻ തുടങ്ങിയത്. പുരോഗമനശക്തികളെ തകർക്കാൻ സാമ്രാജ്യത്വശക്തികൾ ഏറ്റവുമധികം ധനം വിനിയോഗിച്ച ദേശങ്ങളിലൊന്നായി കേരളം മാറി. എൻ.ജി.ഒ.കളിലൂടെ പ്രവർഷം കോടി ധനം കേരളത്തിലേക്ക് ഒഴുകുന്നുണ്ട്; കണക്കിൽ ചേർക്കാത്തവ വേറെയുമുണ്ട്.

നവോത്ഥാനം സൃഷ്ടിച്ച മൂല്യങ്ങളുടെ നിരാസമായിരുന്നു വിമോചനസമരം. അതുതുറന്ന് വിട്ട ദുർഭൂതങ്ങളാണ് പിൽക്കാല കേരളീയ സമൂഹത്തിൽ അഴിഞ്ഞാടിയത്. വർഗീയശക്തികളുടെ തിരനോട്ടമായിരുന്നു ഇതിലേറ്റവും പ്രധാനം. 57-ന് ശേഷം നടന്ന എല്ലാതെരഞ്ഞെടുപ്പുകളിലും വർഗ്ഗീയത വലിയ പങ്കുവഹിച്ചിട്ടുണ്ട്. വർഗാടിസ്ഥാനത്തിൽ സമൂഹത്തിൽ ധ്രുവീകരണം ഉണ്ടാകുന്നത് തടയാനാണ് പ്രതിലോമശക്തികൾ വർഗീയാടിസ്ഥാനത്തിൽ സമൂഹത്തെ ശിഥിലമാക്കാൻ ശ്രമിക്കുന്നത്. ഭരണഘടന അനുശാസിക്കുന്ന പൗരസമൂഹത്തെ സൃഷ്ടിക്കുന്നതിനുപകരം ഗോത്രസമൂഹങ്ങളെ സൃഷ്ടിക്കാനാണ് മതശക്തികൾ ശ്രമിക്കുന്നത്. സമൂഹത്തെ അരാഷ്ട്രീയമാക്കുക എന്നതാണ് ഇതിന്റെ ആദ്യത്തെ പടി. പുരോഗമനാശയങ്ങൾ കേരളീയസമൂഹത്തിൽ കോട്ടപോലെ ഉറച്ചിരിക്കുന്നു. വർഗ്ഗപരമായ ഉൾക്കാഴ്ചയാണ് ഉറപ്പിന്നാധാരം. സിമന്റ് ശിലകളെ എന്നപോലെ വിവിധ ജനവിഭാഗങ്ങളെ അതുറപ്പിച്ച് നിർത്തുന്നു. സിമന്റിന്റെ പശ കളഞ്ഞാൽ കോട്ട ഒരു കൂട്ടം കല്ലുകളായി മാറും. അരാഷ്ട്രീയതയുടെ രാഷ്ട്രീയമിതാണ്. രാഷ്ട്രീയരംഗത്തെ ഒറ്റപ്പെട്ട ചില സംഭവങ്ങളെ ഊതിവീർപ്പിച്ച് സമൂഹത്തെ രാഷ്ട്രീയത്തിനെതിരാക്കാനാണ് മതശക്തികളുടെ ശ്രമം. കേരളീയ സമൂഹം ഇന്ന് നേരിടുന്ന ഏറ്റവും വലിയ ഭീഷണി പ്രതിലോമശക്തികളുടെ ജാതീയവും വർഗ്ഗീയവുമായ ശിഥിലീകരണ പ്രവർത്തനങ്ങളാണ്.

പ്രബുദ്ധമായ കേരളീയ സമൂഹത്തിന് ഇതിനെ നേരിടാൻ രണ്ട് പരിമിതികളുണ്ട്-1. പ്രച്ഛന്നവേഷങ്ങളിലാണ് ഇവർ പ്രവർത്തിക്കുന്നത്, സത്വശുദ്ധിയാർന്ന പച്ച വേഷത്തിലാണ് പലപ്പോഴും കത്തികളുടെ അലർച്ച. പച്ച യുടെ മിനുക്ക് പലപ്പോഴും കത്തിയുടെ ദംഷ്ട്രകളെ മറച്ചുകളയുന്നു. രണ്ടാമത്തെ കാരണം നവോത്ഥാനപ്ര സ്ഥാനത്തിന്റെ തന്നെ ദൗർബല്യമാണ് അമ്പതുകൾക്ക് ശേഷം നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് തുടർച്ച ഉണ്ടായില്ല. നേതൃസ്ഥാനത്തുണ്ടായിരുന്ന പലരും രാഷ്ട്രീയപ്രവർത്തനത്തിലേക്ക് മാറി. ശേഷിച്ചവർ നിഷ്ക്രീ യരുമായി. നവോത്ഥാനം കേരളീയ പ്രബുദ്ധതയ്ക്ക് നല്കിയ യുക്തിബോധം സമൂഹചിന്തയിൽ നിന്ന് മറ ഞ്ഞു എന്നതാണ് ഇതിന്റെ ദുരന്തഫലം.

അന്ധവിശ്വാസങ്ങളിൽ നിന്ന് മോചനം നേടിയാലേ അയിത്തചാരണങ്ങളെ എതിർക്കാൻ കഴിയുകയുള്ളൂ എന്ന ചിന്തയിലാണ് ആദ്യകാലപ്രവർത്തകർ യുക്തി ചിന്തകൾ ഉണർത്തിയത്. ഇത് വളരെ ഫലവത്താകു കയും ചെയ്തു. സഹോദരൻ അയ്യപ്പൻ, വി.ടി. തുടങ്ങിയവരുടെ സ്ഥാനം ഏറ്റെടുക്കാൻ പിന്തുടർച്ചക്കാർ ഉണ്ടായില്ല. അവരുടെ ഒഴിഞ്ഞ സിംഹാസനങ്ങളിലാണ് വർഗ്ഗീയശക്തികൾ ഇപ്പോൾ ഇരിപ്പുറപ്പിച്ചിരിക്കുന്ന ത്. അന്ധവിശ്വാസങ്ങൾ പരത്തി സമൂഹത്തെ അയുക്തികമാക്കി കപടമതാത്മകതയിലേക്ക് നയിക്കുകയാ ണവർ ചെയ്യുന്നത്. ഇതിനെ പ്രതിരോധിക്കാൻ ഇന്നത്തെ സാംസ്കാരിക പ്രവർത്തകർക്കാകുന്നില്ല. മദ്ധ്യ കാലങ്ങളിലേതുപോലെ അപ്രതിരോധ്യമായ മഹാദുർഗ്ഗങ്ങളായി മതത്തെ മാറ്റുവാൻ പ്രതിലോമശക്തികൾക്ക് കഴിഞ്ഞിരിക്കുന്നു. മതത്തിന്റെ ജീർണ്ണതയ്ക്കെതിരെ ശബ്ദിക്കാൻ ഒരു പൊൻകുന്നംവർക്കിയോ, റാഫിയോ ഇപ്പോഴില്ല. ആരെങ്കിലും നാവനക്കിയാൽ അവനെ ഊരുവിലക്കാനുള്ള ശക്തി അധികാരസ്ഥാനങ്ങൾക്കു ണ്ട്. അതുകൊണ്ട് മതത്തിന്റെ പേരിൽ നടക്കുന്ന മഹാകുംഭകോണങ്ങൾ മഹത്വവത്ക്കരിക്കപ്പെടുകയും വെള്ള യടിച്ച ശവക്കലറകളിലെ ചന്ദനത്തിരികളുടെ സുഗന്ധത്തെ വാഴ്ത്തിപ്പാടാൻ മാത്രം നമ്മുടെ കവികൾ ശപി ക്കപ്പെട്ടിരിക്കുകയും ചെയ്യുന്നു.

നവോത്ഥാനപ്രവർത്തനങ്ങൾ, അറിയാതെയാണെങ്കിലും മതാത്മകസമൂഹത്തിന്റെ സൃഷ്ടിക്ക് കാരണമായി എന്നത് ഒരു വൈരപദ്ധ്യമാണ്. അവർണ്ണർക്ക് വഴി നടക്കാൻ വേണ്ടി വൈക്കത്ത് സമരം നടത്തിയതും ക്ഷേത്ര പ്രവേശനത്തിന് വേണ്ടി ഗുരുവായൂരിൽ ഉപവസിച്ചതും കീഴാളർ അനുഭവിച്ചിരുന്ന വിവേചനത്തിൽ നിന്ന് അവരെ മോചിപ്പിക്കാൻ വേണ്ടിയായിരുന്നു. എന്നാൽ ക്ഷേത്രപ്രവേശനം കൊണ്ടുതഴച്ചുവളർന്നത് പൗരോ ഹിത്യമാണ്. ക്ഷേത്രങ്ങൾ തിരസ്കരിച്ചിരുന്ന ചണ്ഡാളരുടെ അദ്ധ്വാനഫലങ്ങളാണ് ഇന്നീ സ്ഥാപനങ്ങളെ സമ്പന്നമാക്കുന്നത്. പൗരോഹിത്യത്തിന്റേയും പ്രമാണിത്തത്തിന്റേയും കുരുക്കഴിക്കാൻ കീഴാളർക്കൊട്ടു കഴി യുന്നുമില്ല. ഇവയൊക്കെ ചതിക്കുഴികളാണ്; നവോത്ഥാനത്തിന് തുടർച്ചയില്ലാതെ വഴിമുട്ടിയതുകൊണ്ടുണ്ടായ തുടർച്ചകളാണ്.

ഇന്ന് സാമൂഹ്യപ്രവർത്തനം നടത്തുന്ന മുഖ്യശക്തി രാഷ്ട്രീയധാരയിൽപ്പെട്ടവരാണ്. അവർക്ക് പരിമിതികളു ണ്ട്. തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ജയപരാജയങ്ങൾ നിർണ്ണയിക്കാൻ ഒരു വോട്ടിന് പോലും കഴിയും. അതു കൊണ്ട് ആരെയും പിണക്കാൻ അവർക്ക് കഴിയില്ല. നൃന്നദ്ധസംഘടനകളാണ് ഈ രംഗത്ത് പ്രവർത്തിക്കു ന്നമറ്റൊരു വിഭാഗം. കൃത്യമായലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്പോൺസർമാർ അവയ്ക്കുണ്ട്. അവരുടെ ലക്ഷ്യങ്ങളാണ് നടപ്പാക്കപ്പെടുന്നത്. അങ്ങനെയല്ലാത്ത സ്വതന്ത്രവേദികൾ നവോത്ഥാനത്തിന്റെ തുടർച്ചയായ പ്രവർത്തനങ്ങൾ ഏറ്റെടുത്താൽ മാത്രമേ നവോത്ഥാനമൂല്യങ്ങൾക്ക് ഇന്നത്തെ സമൂഹത്തിൽ മേല്ക്കൈ ലഭിക്കുകയുള്ളൂ. ഇന്നിവിടെ നടക്കുന്ന ഈ ചർച്ച തന്നെ അത്തരമൊരു സാംസ്കാരിക പ്രവർത്തനമായി ട്ടാണ് ഞാൻ വിലയിരുത്തുന്നത്. ഈ ധാരയെ ഇനിയും സമ്പുഷ്ടമാക്കേണ്ടതുണ്ട്.

--------------